DESPATCHED
On..22/2/2020
1/1/2020



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP. 460*(2)/2018*/*എസ്.ഐ.സി.***
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നം. 2112/*എസ്.ഐ.സി-ജി 6/2018*)**

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ. എ.രവീന്ദ്രനാഥ്**
**CC VIII/2238, ദേവി നിവാസ്,**
**ആലാട്ടുകുറ്റി റോഡ്,**
**മട്ടാഞ്ചേരി. പി. ഒ682002** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
**ഡെപ്യൂട്ടി ഡയറക്ടർ(പ്രൈസ് സെക്ഷൻ)**
**ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്**
**തിരുവനന്തപുരം**

**അപ്പീൽ അധികാരി &**
**ഡയറക്ടർ ഓഫ് സ്റ്റേറ്റ് ലോട്ടറീസ് ,വികാസ് ഭവൻ**
**തിരുവനന്തപുരം** } **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 28.12.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 19.01.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 24.01.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 07.02.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 01.03.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 05.03.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 31.08.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 23.09.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 24.09.2019, കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ

തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 28.12.2017 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് ഇനം 1-ൽ 12 മാസക്കാലയളവിൽ കേരള ലോട്ടറിയിൽ ഫസ്റ്റ് പ്രൈസ് അടിക്കുകയും എന്നാൽ പ്രൈസ് മണി ഇതുവരെ നൽകാത്തവരുടെ പേരും, എന്തുകൊണ്ടാണ് അവർക്ക് തുക നൽകാത്തതെന്ന കാരണവും, ഇനം 2-ൽ ഇവരുടെ വിശദാംശങ്ങൾ ഹർജിക്കാരൻ ആവശ്യപ്പെടുന്ന ഫോർമാറ്റിൽ നൽകണമെന്നും, ഇനം 2 ന്റെ 6 ഉപ ഇനങ്ങളും ഇനം 3-ലായി എല്ലാ വിവരങ്ങൾക്കും എത്രയും പെട്ടെന്ന് മറുപടി നൽകണമെന്നുമാണ്

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 19.01.2018 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, പ്രൈസ് കിട്ടിയവരുടെ സമ്മതമില്ലാതെ അവരുടെ വിശദാംശങ്ങൾ നൽകാൻ സാധിക്കില്ലെന്നും ബഹു.കോടതിയുടെ പരിഗണനയിലുള്ളതും, ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിലുള്ളതുമായ പ്രൈസുകൾ കൈമാറിയില്ലെന്നും ഗവൺമെന്റ് ഫണ്ട് ലഭിക്കാത്തതിന്റെ പേരിൽ പ്രൈസ് മണി കൊടുക്കുന്നതിൽ കാലതാമസം വന്നിട്ടില്ലെന്നുമാണ്.

4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 24.01.2018 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടി തൃപ്തികരമല്ല എന്നും ചോദ്യങ്ങൾക്ക് ഉത്തരം വാസ്തവ വിരുദ്ധവും ക്രമം തെറ്റിയുമാണ് നൽകിയതെന്നും മറ്റുമാണ്.

5. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 27.02.2018 തീയതി നൽകിയ മറുപടിയിൽ അപ്പീൽ അപേക്ഷ പരിശോധിച്ചതിൽ മൂന്നാം കക്ഷിയുടെ വിശദാംശങ്ങൾ മറ്റൊരാൾക്ക് നൽകുന്നതിന് അവരുടെ ഭാഗം കേട്ട് തീരുമാനമെടു ക്കേണ്ടതുണ്ടെന്നും ടി നടപടി നടന്നുകാണാത്തതിനാൽ നിയമാനുസൃതമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഹർജിക്കാരന്റെ അപേക്ഷയിൽ തീരുമാനമെടുക്കാൻ എസ്.പി.ഐ.ഒ യോട് നിർദ്ദേശം നൽകിയെന്നും, എസ്.പി.ഐ.ഒ, മൂന്നാം കക്ഷികൾ അപ്പീൽ അപേക്ഷകൻ എന്നിവർക്ക് നോട്ടീസ് നൽകി വിചാരണ നടത്തി തീരുമാനമെടുക്കേണ്ടതാണെന്നുമാണ്. 28.02.2018 ന് മൂന്നാം കക്ഷിയെ നേരിൽ കേൾക്കുന്നതോടൊപ്പം ഹർജിക്കാരനെയും നേരിൽകേൾക്കാനായി നോട്ടീസ് നൽകി.03.03.2018 ന് തനിക്ക് നേരിൽ ഹാജരാകാൻ കഴിയില്ലെന്ന് കാണിച്ച് ഹർജിക്കാരൻ മറുപടി അയച്ചു.

6. 23.09.2019 തീയതി എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, മൂന്നാം കക്ഷിയുടെ വിശദാംശങ്ങൾ മറ്റൊരാൾക്ക് നൽകുന്നതിന് അവരുടെ ഭാഗം കേട്ട് തീരുമാനമെടുക്കേണ്ടതുണ്ടെന്നും, അനുമതി തേടിയതിൽ ആരും തന്നെ വിശാദാംശങ്ങൾ നൽകാൻ തയ്യാറല്ലെന്നും, ആയതിനാൽ ഹർജിക്കാരന്റെ ചോദ്യത്തിന് മറുപടി നൽകാൻ നിർവ്വാഹമില്ലെന്നും, ആയത് പരാതിക്കാരനെ അറിയിച്ചിട്ടുണ്ടെന്നും, ഹർജിക്കാരന്റെ അപ്പീൽ അപേക്ഷ പരിശോധിച്ച് അപ്പീൽ അധികാരി മൂന്നാം കക്ഷികൾക്ക് വിവരം നൽകുന്നതിന് സമ്മതമാണോ എന്നും അപേക്ഷകനെ നേരിൽ കേൾക്കാൻ നിർദ്ദേശിക്കുകയും ടിയാന് ഹാജരാകാൻ കഴിയില്ലെന്ന് കാണിച്ച് 03.03.2018ന് ഹർജിക്കാരൻ കത്ത് നൽകുകയും ആയതിൽ അപ്പീൽ അധികാരിയുടെ തീരുമാനം സമ്മതമാണെന്ന് അറിയിക്കുകയും ചെയ്തു. സമ്മാനാർഹന്റെ വ്യക്തിപരമായ വിവരങ്ങൾ ആ വ്യക്തിയുടെ സ്വകാര്യതയെയും സുരക്ഷയെയും ബാധിക്കുമെന്നതിനാലും പൊതുതാത്പര്യം ഇല്ലാത്തതിനാലും, ഹർജിക്കാരന് യാതൊരുവിധ ബന്ധമില്ലാത്തതിനാലും സെക്ഷൻ 11 പ്രകാരം അപ്പീൽ നിരസിച്ചുവെന്നുമാണ്.
7. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഒരു ആഴ്ചക്കുള്ളിൽ റിപ്പോർട്ട് സമർപ്പിച്ച് പകർപ്പ് ഹർജിക്കാരന് അയച്ചു നൽകണമെന്നു കമ്മീഷൻ നിർദ്ദേശിക്കുന്നു. ഇതുവരെ അപേക്ഷകന് നൽകിയ എല്ലാ മറുപടി കത്തിലും ക്രമനമ്പർ ശരിയായി രേഖപ്പെടുത്തി ആയതും ഹർജിക്കാരന് നൽകാൻ കമ്മീഷൻ നിർദ്ദേശിച്ചു.

മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേ ദിവസം 2020 ജനുവരി 1-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

res

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**